പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1160 06.06.2018 ന് മറുപടിയ്ക്ക്.

## സ്കിൽ മിഷന്റെ പ്രവർത്തനം

*ചോദ്യം* *ഉത്തരം*

ശ്രീ. കെ. കൃഷ്ണൻകുട്ടി :
ശ്രീ. സി.കെ.നാണു :
ശ്രീ. കോവൂർ കുഞ്ഞുമോൻ :
ശ്രീ. കെ.ബി.ഗണേഷ് കുമാർ :

ശ്രീ. ടി.പി. രാമകൃഷ്ണൻ.
(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി)

| | | |
|---|---|---|
| **(എ)** സ്കിൽ മിഷൻ രൂപീകരിക്കുന്നത് സംബന്ധിച്ച് കേന്ദ്ര സർക്കാർ നിർദ്ദേശം എന്തായിരുന്നുവെന്ന് വിശദമാക്കാമോ; | | **(എ)** മിനിസ്ട്രി ഓഫ് സ്കിൽ ഡവലപ്മെന്റ് ആൻഡ് എന്റർപ്രെണേർഷിപ് ലോക ബാങ്കിന്റെ ധന സഹായത്തോടു കൂടി നടപ്പിലാക്കുന്ന സ്കിൽ ഇന്ത്യ മിഷൻ ഓപ്പറേഷന്റെ ഭാഗമാകുന്നതിനായി സംസ്ഥാന സർക്കാരുകൾ പാലിക്കേണ്ട വ്യവസ്ഥകളിൽ ഒന്നായി നിർദ്ദേശിച്ചിരുന്നത് സംസ്ഥാനത്തെ നൈപുണ്യ വികസന പദ്ധതികൾ ഏകോപിപ്പിക്കുന്നതിനായി എല്ലാ സംസ്ഥാനങ്ങളും സംസ്ഥാന നൈപുണ്യ വികസന മിഷനുകൾ രൂപീകരിക്കുക എന്നുള്ളതാണ്. |
| **(ബി)** ഇതിലേക്കായി രൂപീകരിച്ചിട്ടുള്ള സ്ഥാപനങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | | **(ബി)** ഇതിലേക്കായി കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസിനെ (KASE) സംസ്ഥാന നൈപുണ്യ വികസന മിഷനായി നിയോഗിച്ചിട്ടുണ്ട്. |
| **(സി)** ഈ സ്ഥാപനങ്ങൾ വഴി ഉദ്യോഗാർത്ഥികൾക്ക് ഏതൊക്കെ തരത്തിലുള്ള സേവനമാണ് ഉദ്ദേശിക്കുന്നതെന്നും ഇതുവരെ എത്രപേർക്ക് പ്രയോജനം ലഭിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ; | | **(സി)** നൈപുണ്യ വികസനവുമായി ബന്ധപ്പെട്ട് വിവിധ വകുപ്പുകൾ നടപ്പിലാക്കുന്ന നൈപുണ്യ വികസന പദ്ധതികളുടെ നടത്തിപ്പിന്റെ ഏകോപനമാണ് സംസ്ഥാന നൈപുണ്യ വികസന മിഷന്റെ ഒരു പ്രധാന കർത്തവ്യം. കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് വഴി നെഴ്സിംഗ്, ഓയിൽ & റിഗ്, സെക്യൂരിറ്റി, ടീച്ചർ ട്രെയിനിംഗ്, എന്റർപ്രണർഷിപ്പ് ഡെവലപ്മെന്റ്, ബ്യൂട്ടി & വെൽനെസ്സ്, ബാങ്കിങ് ഫൈനാൻസ് & ഇൻഷുറൻസ്, ഇൻഡസ്ട്രി ഓട്ടോമേഷൻ, |

| | | |
|---|---|---|
| | | ആയുർവേദ, ഹോസ്പിറ്റാലിറ്റി, മൾട്ടീമിഡിയ & ആനിമേഷൻ എഞ്ചിനീയറിംഗ്, സ്പോർട്ട്സ് മാനേജ്മെന്റ്, ലൈഫ് സ്കിൽസ് ട്രെയിനിംഗ്, സിവിൽ മെക്കാനിക്കൽ ക്യൂ എ ക്യൂ സി എന്നീ മേഖലകളിൽ മികവിന്റെ കേന്ദ്രങ്ങൾ, അക്രഡിറ്റേഷൻ പ്രോഗ്രാം എന്നിവ മുഖേനയും കൗശൽ കേന്ദ്ര, എംപ്ലോയബിലിറ്റി സെന്ററുകൾ, കേരള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈൻ എന്നിവ മുഖേനയും നൈപുണ്യ പരിശീലനം നൽകി വരുന്നു. ടി പരിശീലന പദ്ധതികൾ മുഖേന 1,42,560 പേർക്ക് നൈപുണ്യ പരിശീലനവും 83,905 പേർക്ക് തൊഴിൽ ലഭ്യത ഉറപ്പു വരുത്തുകയും ചെയ്തു. |
| **(ഡി)** കരകൗശല മേഖലയിലും മറ്റ് പരമ്പരാഗത തൊഴിൽ മേഖലയിലും വൈദഗ്ധ്യ വികസനത്തിനായി പദ്ധതിയുണ്ടെങ്കിൽ വിശദാംശം അറിയിക്കുമോ? | | **(ഡി)** നിലവിൽ ഈ മേഖലകളുമായി ബന്ധപ്പെട്ട പരിശീലന പദ്ധതികൾ ഒന്നും തന്നെ KASE നടപ്പിലാക്കിയിട്ടില്ല. |

Bindu

സെക്ഷൻ ഓഫീസർ